LIBRARY ARCHIVES Kerala Legislative Assembly

മദ്രസാ ഗ്രാന്റ്

24 (2492) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മദ്രസാ ഗ്രാന്റ് ഇനത്തിൽ ഓരോ സാമ്പത്തിക വർഷവും കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുക വീതമാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ ഓരോ വർഷവും എത്ര തുക വീതമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) ഫണ്ട് ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളിൽ വീഴ്ച വരുത്തിയതുകാരണം ഗ്രാന്റ് നഷ്ടപ്പെട്ടിട്ടുണ്ടോ ; വീഴ്ച സംഭവിക്കാനുള്ള കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) 2012-13 വർഷത്തിൽ 7.76 കോടി രൂപയും 2013-14 വർഷത്തിൽ 70.97 കോടി രൂപയും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചു.

(ബി) 2012-13 വർഷത്തിൽ 7.76 കോടി രൂപയും 2013-14 വർഷത്തിൽ 58.50 കോടി രൂപയും ചെലവഴിച്ചു.

(സി) ഗ്രാന്റ് നഷ്ടപ്പെട്ടതായി കേന്ദ്ര ഗവൺമെന്റിൽ നിന്നും അറിയിപ്പ് ഒന്നും ലഭിച്ചിട്ടില്ല.

എയ്ഡഡ് സ്കൂളുകൾക്കുള്ള മെയിന്റനൻസ് ഗ്രാന്റ്

25 (2494) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകൾക്കുള്ള മെയിന്റനൻസ് ഗ്രാന്റ് പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) നിലവിൽ എൽ.പി., യു.പി, സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള മെയിന്റനൻസ് ഗ്രാന്റിന്റെ നിരക്ക് എത്രയാണ് ;

(സി) ഹൈസ്കൂൾ വിഭാഗത്തിന് അനുവദിച്ചിട്ടുള്ള നിരക്ക് എത്രയാണ് വിശദമാക്കാമോ ;

(ഡി) ടെയിനിംഗ് സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള നിരക്ക് എത്രയാണ് ;

(ഇ) മേൽപ്പറഞ്ഞവയിൽ ഏതെങ്കിലും വിഭാഗത്തിനുള്ള തുക പുതുക്കി നിശ്ചയിക്കാതിരുന്നിട്ടുണ്ടോ ; എങ്കിൽ കാരണമെന്ത് ; പുതുക്കിനിശ്ചയിക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(എഫ്) മെയിന്റനൻസ് ഗ്രാന്റ് യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 27-9-2013 ലെ ജി.ഒ.(പി) നമ്പർ 261/13/പൊ.വി., 4-8-2014 13652/എൻ1/2014/പൊ.വി.വ. നമ്പർ കത്ത് എന്നിവ പ്രകാരം എയ്ഡഡ് സ്കൂളുകൾക്കുള്ള മെയിന്റനൻസ് ഗ്രാന്റ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) എൽ.പി.സ്കൂളുകൾക്ക് പ്രതിവർഷം ഒരു കുട്ടിക്ക് 60 രൂപ നിരക്കിൽ പരമാവധി മുപ്പതിനായിരം രൂപയും യു.പി. സ്കൂളുകൾക്ക് പ്രതിവർഷം ഒരു കുട്ടിക്ക് 60 രൂപ നിരക്കിൽ പരമാവധി നാൽപ്പതിനായിരം രൂപയും ആണ് അനുവദിച്ചിട്ടുള്ളത്.

(സി &ഡി) ഹൈസ്കൂളുകൾക്കും ടെയിനിംഗ് സ്കൂളുകൾക്കും പ്രതിവർഷം ഒരു കുട്ടിക്ക് 80 രൂപ നിരക്കിൽ പരമാവധി അറുപതിനായിരം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ഇ) ഇല്ല.

(എഫ്) കാലാകാലങ്ങളിൽ മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ബഡ്ജറ്റിൽ വകകൊള്ളിക്കുന്ന തുക ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് അലോട്ട്മെന്റ് മുഖേന അനുവദിച്ച് നൽകിയിട്ടുള്ളതാണ്. എങ്കിലും ബഡ്ജറ്റ് തുക അപര്യാപ്തമായതിനാൽ യഥാസമയം ഗ്രാന്റ് ലഭ്യമാകാതെ വരുന്നതിനാൽ മതിയായ തുക ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly